പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1444 30.01.2018 ൽ മറുപടിയ്ക്ക്

## റവന്യൂ രേഖകൾ

**ചോദ്യം**
**ശ്രീമതി ഇ.എസ്.ബിജിമോൾ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | കെ.എൽ.ആർ ആക്റ്റ് നിലവിൽ വരുന്നതിന് മുമ്പ് മുറിച്ച് വിറ്റ തോട്ടം വാങ്ങിയ ആളുകൾക്ക് എല്ലാവിധമായ റവന്യൂ രേഖകളും ലഭിച്ചിരുന്നുവെന്നും എന്നാൽ ശ്രീ. രാജമാണിക്യം റിപ്പോർട്ട് വന്നതിനുശേഷം ഈ സ്ഥലം ഉടമകളുടെ കരം സ്വീകരിക്കുന്നതിനോ, ഭൂമി സംബന്ധമായ റവന്യൂ രേഖകൾ നൽകുന്നതിനോ തയ്യാറാകുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്വാതന്ത്ര്യത്തിനു മുൻപ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന മുഴുവൻ സർക്കാർ ഭൂമിയും ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് അധികാരം നൽകിക്കൊണ്ട് 30/12/2015-ലെ ജി.ഒ(എം.എസ്)703/2015/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു. സർക്കാരിന്റെ ഉത്തരവ് പ്രകാരമുള്ള നടപടികളുടെ ഭാഗമായി പ്രാഥമിക അന്വേഷണം പൂർത്തീകരിച്ച് തികച്ചും സർക്കാർ ഭൂമി ആണെന്ന് കണ്ടെത്തിയ കേസുകളിൽ കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്. അത്തരത്തിൽ ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി, പീരുമേട് റ്റീ കമ്പനി, ബ്രൈമൂർ എസ്റ്റേറ്റ്, മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് തുടങ്ങിയ വൻകിട കമ്പനികളിൽ നിന്നും മുൻ കരുതൽ നടപടിയായി ഭൂനികുതി സ്വീകരിക്കുന്നതും, റവന്യൂരേഖകൾ നൽകുന്നതും, മരം മുറിക്കുന്നതും തടഞ്ഞിട്ടുണ്ട്.<br>മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പേരിലുണ്ടായിരുന്ന ഭൂമിക്കും ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത നടപടി 5 – ഉം 10-ഉം സെന്റുകൾ കൈവശംവയ്ക്കുന്ന ചെറുകിടക്കാരെ ബാധിച്ചിട്ടുള്ളതായി സർക്കാർ മനസിലാക്കിയതിനാൽ 1/10/2015 ലെ ജി.ഒ(എം.എസ്)542/2015/റവന്യൂ ഉത്തരവ് പ്രകാരം, 2 ഏക്കർ വരെ കൈവശം വയ്ക്കുന്ന ചെറുകിട കർഷകരിൽ നിന്നും താൽക്കാലികമായി നികുതി സ്വീകരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുമുണ്ട്. |
| (ബി) | അറുപതിലധികം വർഷമായി ഈ ഭൂമി നിയമപരമായി കൈവശം വച്ച് അനുഭവിച്ചുവരുന്ന കർഷകർക്ക് മുൻപുണ്ടായിരുന്നതുപോലെ ഉപാധിരഹിതമായി റവന്യൂ രേഖകൾ ലഭ്യമാക്കുന്നതിനും അവരുടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) ഇത്തരത്തിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വിവിധ കേസുകൾ നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഈ വിഷയത്തിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലിരിക്കുന്ന ബന്ധപ്പെട്ട കേസുകളിൽ സ്റ്റാറ്റസ്കോ തുടരണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ പ്രസ്തുത കേസുകളെ ബാധിക്കുമെന്നതിനാലും കെ.എൽ.ആർ ആക്റ്റ് നിലവിൽ വരുന്നതിനു മുൻപ് മുറിച്ച |

| | | |
|---|---|---|
| | | വിറ്റിട്ടുള്ള തോട്ടം വാങ്ങിയവർക്ക് അവരുടെ ഭൂമിയിൽ അവകാശം പുന:സ്ഥാപിച്ചു നൽകണമെന്നും എല്ലാവിധമായ റവന്യൂ രേഖകളും ഉപാധി രഹിതമായി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച തുടർ നടപടികൾ ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിനു അനുസൃതമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ